ഹരിതകേരളം മിഷൻ
കേരള സർക്കാർ

06.08.2019

## പത്രക്കുറിപ്പ്

# അരുത്! വലിച്ചെറിയരുത്, കത്തിക്കരുത്

## ഹരിത നിയമ ബോധവൽക്കരണ കാമ്പയിനുമായി ഹരിതകേരളം മിഷൻ: മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യും

മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കണമെന്ന ലക്ഷ്യത്തോടെ ***'അരുത് ! വലിച്ചെറിയരുത്, കത്തിക്കരുത്'*** എന്ന മുദ്രാവാക്യമുയർത്തി ഹരിതകേരളം മിഷനും കിലയും സംയുക്തമായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ കോർപ്പറേഷൻ മേയർമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, സെക്രട്ടറിമാർ എന്നിവരെ പങ്കെടുപ്പിച്ച് സംഘടിപ്പിക്കുന്ന ശിൽപ്പശാല തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.എ.സി.മൊയ്തീൻ ഇന്ന് (7.8.2019) ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരത്ത് ശാസ്ത്ര സാങ്കേതിക മ്യൂസിയം ഓഡിറ്റോറിയത്തിൽ രാവിലെ 10 മുതലാണ് ശിൽപ്പശാല. കില ഡയറക്ടർ ശ്രീ.ജോയ് ഇളമൺ അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ സീമ ആമുഖാവതരണം നടത്തും.

സംസ്ഥാനത്ത് ഹരിതനിയമങ്ങൾ നടപ്പാക്കുന്നത് ശക്തിപ്പെടുത്താനും ഇത് സംബന്ധിച്ച അവബോധം ജനങ്ങളിൽ വ്യാപകമാക്കുകയുമാണ് പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. 20 ലക്ഷം പേരിലെത്തുന്ന വിപുലമായ ബോധവൽക്കരണ കാമ്പയിനും കർശനമായ നിയമ നടപടികൾ സ്വീകരിക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികളെ സജ്ജമാക്കുകയുമാണ് ലക്ഷ്യം. ഹരിതനിയമങ്ങളുടെ പ്രസക്തി, നിയമങ്ങൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പോലീസ്, കേരള മുനിസിപ്പാലിറ്റി, നഗരകാര്യം, ആരോഗ്യം എന്നീ വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കേരള മുനിസിപ്പാലിറ്റി നിയമവും പഞ്ചായത്ത് രാജ് നിയമവും, പരിസ്ഥിതി സംരക്ഷണ നിയമവും അനുബന്ധ ചട്ടങ്ങളും, ശുചിത്വമാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം, ഹരിതനിയമം നടപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ വിവിധ വകുപ്പുകളിൽ നിന്നുള്ളവരാണ് പരിശീലനം നൽകുന്നത്.

**ഒപ്പ്/-**
**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in